# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE : 28.04.2026**

## പ്രധാനവാർത്തകൾ

1. **കേരളം ഉൾപ്പടെയുള്ള സംസ്ഥാനങ്ങളിലെയും പുതുച്ചേരിയിലെയും നിയമസഭാ തിരഞ്ഞെടുപ്പുകളുടെ വിധി അറിയാൻ ഇനി ആറ് ദിവസം കൂടി; വോട്ടെണ്ണലിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു.**

2. **പശ്ചിമ ബംഗാളിൽ രണ്ടാംഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് നാളെ; വിധി എഴുതുന്നത് 142 മണ്ഡലങ്ങൾ.**

3. **കനത്ത ചൂട് തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് കർശന ജാഗ്രത; ഉഷ്ണതരംഗ സാഹചര്യം കണക്കിലെടുത്ത് മുന്നൊരുക്കങ്ങൾ ഉർജിതമാക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കേന്ദ്ര നിർദേശം.**

4. **സംസ്ഥാനത്ത് SSLC പരീക്ഷ ഫലം മെയ് 15 ന്; ഹയർ സെക്കണ്ടറി, വോക്കേഷണൽ ഹയർ സെക്കണ്ടറി ഫലം മെയ് 22 ന് പ്രഖ്യാപിക്കും.**

5. **തൊഴിലിടത്തിലെ സുരക്ഷാ സംസ്കാരം വളർത്തുക എന്ന ലക്ഷ്യത്തോടെ ഇന്ന് ലോക- തൊഴിൽ സുരക്ഷ - ആരോഗ്യ ദിനം.**

6. **ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ് - രാജസ്ഥാൻ റോയൽസ് പോരാട്ടം.**

********************************

RNUTVPM

## രാഷ്ട്രപതി- ഹിമാചൽപ്രദേശ്

അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഹിമാചൽ പ്രദേശിൻ എത്തിയ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഷിംലയിലെ ലോക് ഭവനിൽ ഗവർണർ ഒരുക്കുന്ന പ്രത്യേക വിരുന്നിൽ പങ്കെടുക്കും. നാളെ അടൽ ടണൽ സന്ദർശിക്കുന്ന രാഷ്ട്രപതി ബോർഡർ റോഡ്സ് ഓർഗനൈസേഷൻ ഉദ്യോഗസ്ഥരുമായി സംവദിക്കും.

******************************

## പ്രധാനമന്ത്രി - വാരാണസി

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ ഉത്തർപ്രദേശ് സന്ദർശനം ഇന്നാരംഭിക്കും. വാരാണസിയിൽ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും അദ്ദേഹം നിർവഹിക്കും. ഉത്തർപ്രദേശ്, മധ്യപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന രണ്ട് പുതിയ അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകളും ശ്രീ.മോദി ഫ്ലാഗ് ഓഫ് ചെയ്യും.

RNU TVPM

******************************

## റാൻഡമൈസേഷൻ-തിരഞ്ഞെടുപ്പ്

കേരളം, തമിഴ്നാട്, അസം, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണപ്രദേശമായ പുതുച്ചേരിയിലെയും നിയമസഭാ തിരഞ്ഞെടുപ്പുകളുടെ വിധി അറിയാൻ ഇനി ആറ് ദിവസം കൂടി. മെയ് 4-നാണ് വോട്ടെണ്ണൽ. കേരളത്തിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ജോലിക്കായുള്ള ഉദ്യോഗസ്ഥരുടെ ആദ്യ ഘട്ട റാൻഡമൈസേഷൻ

പൂർത്തിയായി. അതോടൊപ്പം വോട്ടെണ്ണലിന്റെ ഭാഗമായി വിവിധ ജില്ലകളിലെ ഉദ്യോഗസ്ഥന്മാർക്കുള്ള ആദ്യഘട്ട പരിശീലന പരിപാടി ഇന്ന് ആരംഭിച്ചു.

******************************

## പശ്ചിമ ബംഗാൾ - തിരഞ്ഞെടുപ്പ്

പശ്ചിമ ബംഗാളിൽ രണ്ടാംഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് നാളെ. 142 മണ്ഡലങ്ങളിലാണ് നാളെ വോട്ടെടുപ്പ് നടക്കുന്നത്. പരസ്യ പ്രചാരണം ഇന്നലെ അവസാനിച്ചതിനാൽ ഇ നിയുള്ള മണിക്കൂറുകളിൽ, നിശബ്ദ പ്രചാരണമായിരിക്കും. രണ്ടാം ഘട്ട വോട്ടെടുപ്പിനായി കർശന സുരക്ഷാ ക്രമീകരണങ്ങൾ സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ട്.

******************************

## ഉഷ്ണതരംഗം -മുന്നൊരുക്കങ്ങൾ

രാജ്യത്ത് ഉഷ്ണതരംഗ സാഹചര്യങ്ങൾ കണക്കിലെടുത്ത് മുന്നൊരുക്കങ്ങൾ ഉർജ്ജിതമാക്കണമെന്ന് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും ആവശ്യപ്പെട്ടു. ഇന്ത്യയുടെ കിഴക്കൻ, മധ്യ, വടക്ക്-പടിഞ്ഞാറൻ ഭാഗങ്ങളിലും തെക്ക്-കിഴക്കൻ ഉപദ്വീപിലും ജൂൺ വരെ സാധാരണയിൽ കൂടുതൽ ഉഷ്ണതരംഗ ദിനങ്ങൾക്ക് സാധ്യതയുണ്ടെന്ന് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സെക്രട്ടറി പുണ്യ സലീല ശ്രീവാസ്തവ, സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ചീഫ് സെക്രട്ടറിമാർക്ക് എഴുതിയ കത്തിൽ പറഞ്ഞു.

PNU TVPM

കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പ്രവചനങ്ങളുടെ അടിസ്ഥാനത്തിലാണ് മുന്നറിയിപ്പ് നൽകിയത്.

******************************

## കേരളം - ചൂട്

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. ഉഷ്ണതരംഗ സമാന സാഹചര്യം നിലനിൽക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്താകെ അതീവ ജാഗ്രത പുലർത്തണമെന്ന് അധികൃതർ നിർദേശിച്ചു. പാലക്കാട്, കൊല്ലം ജില്ലകളിലാണ് ഏറ്റവും ഊയർന്ന താപനില രേഖപ്പെടുത്തുന്നത്. മറ്റ് ജില്ലകളിലും താപനില സാധാരണയേക്കാൾ മൂന്ന് മുതൽ നാല് ഡിഗ്രി സെൽഷ്യസ് വരെ ഉയരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. വിവിധ ജില്ലകളിൽ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്കും സാധ്യതയുണ്ട്. ഇന്ന് മുതൽ വിവിധയിടങ്ങളിൽ മഴ ശക്തമാവും. പത്തനംതിട്ടയിലും ഇടുക്കിയിലും നാളെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

RNUTVPM

******************************

## പാലക്കാട് -ചൂട് (ഇൻട്രോ)

പാലക്കാട്ടെ പൊള്ളുന്ന ചൂടിൽ പക്ഷിമൃഗാദികളും വലയുകയാണ്. ഇതിനിടെയിലാണ്

പക്ഷികളുടെ ദാഹം തീർക്കാൻ മരങ്ങളിൽ വെള്ളം നിറച്ച മണ്ണൂറികൾ തൂക്കിയ പ്രഭാത നടത്തക്കാരുടെ കൂട്ടായ്മയുടെ പ്രവർത്തനം ശ്രദ്ധേയമാകുന്നത്.

പാലക്കാട് നിന്നും ആകാശവാണി പ്രതിനിധി **ഫൈസൽ അലിമുത്ത്.....**

(വോയിസ്)

********************************

## വി.ശിവൻകുട്ടി

സംസ്ഥാനത്ത് SSLC പരീക്ഷ ഫലം മെയ് 15 ന് പ്രഖ്യാപിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. ഹയർ സെക്കണ്ടറി, വോക്കഷണൽ ഹയർ സെക്കണ്ടറി ഫലം മെയ് 22 നും പ്രഖ്യാപിക്കും. തിരുവനന്തപുരത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. 5 മുതൽ 9 വരെ ക്ലാസുകളിൽ ഉള്ള കുട്ടികൾക്ക് ഉള്ള വാർഷിക പഠന പിന്തുണ പരിപാടി പൂർത്തിയായി. മെയ് 2 ന് ക്ലാസ് പ്രൊമോഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

RNUTVPM

********************************

## ലോക തൊഴിൽ സുരക്ഷ - ആരോഗ്യ ദിനം

ഇന്ന് ലോക തൊഴിൽ സുരക്ഷ - ആരോഗ്യ, ദിനം. ജോലി സംബന്ധമായ അപകടങ്ങളും രോഗങ്ങളും തടയുക , അവബോധം വളർത്തുക , അനുകൂലമായ സുരക്ഷാ സംസ്കാരം വളർത്തുക എന്നിവ ലക്ഷ്യമിട്ടാണ് ദിനം ആചരിക്കുന്നത്. ജോലിസ്ഥലത്ത് അപകടങ്ങളും രോഗങ്ങളും തടയുന്നതിന് ഊന്നൽ നൽകുന്നതിനായി 2003 ലാണ് അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ നേതൃത്വത്തിൽ ഈ ദിനം ആചരിക്കാൻ തുടങ്ങിയത്. "മികച്ച മാനസിക സാമൂഹിക തൊഴിൽ

അന്തരീക്ഷങ്ങൾ, മികവുറ്റ തൊഴിലാളികൾക്കും ശക്തമായ സംഘടനയ്ക്കും വഴിയൊരുക്കുന്നു " എന്നതാണ് ഈ വർഷത്തെ പ്രമേയം.

*****************************

## ഇടുക്കി - മംഗളാദേവി (ഇൻട്രോ)

മംഗളാദേവി ചിത്രാപൗർണമി ഉത്സവ ദിവസം ഇടുക്കി ജില്ലയിൽ ശക്തമായ മഴയ്ക്കും ഇടിമിന്നലിനും സാധ്യതയുള്ളതിനാൽ ഭക്തർക്ക് ഇടുക്കി ജില്ലാ കളക്ടറുടെ ജാഗ്രതാ നിർദേശം. സുരക്ഷിതമായ ദർശനം ഉറപ്പാക്കാൻ ഇടുക്കി, തേനി ജില്ലാ ഭരണകൂടങ്ങൾ വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഉച്ചയ്ക്ക് ശേഷം മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഭക്തർ ദർശനം നേരത്തെ പൂർത്തിയാക്കണമെന്ന് അധികൃതർ നിർദ്ദേശിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ....**

(വോയിസ്)

RNU TVPM

*****************************

## ഹർത്താൽ

ബി ഡിഎസ് വിദ്യാർത്ഥി നിതിൻ രാജിന്റെ മരണത്തിൽ പ്രതിഷേധിച്ച് ദളിത് സംഘടനകൾ ആഹ്വാനം ചെയ്ത ഹർത്താൽ ഇന്ന്. ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ചിലയിടങ്ങളിൽ കെ.എസ്.ആർ.ടി.സി, സ്വകാര്യ ബസ് സർവീസുകൾ മുടങ്ങി.

*****************************

## പത്തനംതിട്ട- റെയിൽവേ മന്ത്രാലയം (ഇൻട്രോ)

മെയിൽ, എക്സ്പ്രസ് ട്രെയിനുകളിൽ ഭിന്നശേഷിക്കാർക്ക് റിസർവ്വേഷനില്ലാതെ യാത്ര ചെയ്യാനുള്ള സൗകര്യമൊരുക്കി കേന്ദ്ര റയിൽവേ മന്ത്രാലയം. ഇതിന് കാരണമായത്

പത്തനംതിട്ട തിരുവല്ല സ്വദേശിയായ എ.അക്ഷയ് എന്ന യുവാവ്.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി **ശ്രീജി എസ്.ശ്രീധർ......**

(വോയിസ്)

*****************************

## കാട്ടാന ആക്രമണം-മരണം

കരുവാരക്കുണ്ട് മുള്ളറയിൽ കാട്ടാനയുടെ ആക്രമണത്തിൽ പരിക്കേറ്റ ടാപ്പിങ് തൊഴിലാളി മരിച്ചു. മുള്ളറ സ്വദേശി ജംഷീർ ആണ് മരിച്ചത്. ഇന്ന് പുലർച്ചെ റബ്ബർ തോട്ടത്തിൽ ടാപ്പിങ് ജോലിക്കിടെയായിരുന്നു സംഭവം.

ജനവാസ മേഖലയോട് ചേർന്നുള്ള തോട്ടങ്ങളിൽ കാട്ടാന ഇറങ്ങിയത് കരുവാരക്കുണ്ട് പ്രദേശത്ത് വലിയ ഭീതി പടർത്തിയിരിക്കുകയാണ്. ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ വനംവകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ലെന്ന് നാട്ടുകാർ ആരോപിച്ചു.

*****************************

PNU TVPM

## ഐ.പി.എൽ

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ് രാജസ്ഥാൻ റോയൽസിനെ നേരിടും. ന്യൂ ചണ്ഡീഗഡിലെ മുല്ലൻപൂരിൽ വൈകുന്നേരം 07.30 നാണ് മത്സരം. ഇന്നലെ ഡൽഹിയിൽ നടന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു 9 വിക്കറ്റിന് ഡൽഹി ക്യാപിറ്റൽസിനെ പരാജയപ്പെടുത്തി.

********************************

## ഇറാൻ- ഹോർമൂസ് കടലിടുക്ക്

ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ച്ചി, റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനും വിദേശകാര്യ മന്ത്രി സെർജി ലാവ്റോവുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കു പിന്നാലെ ഹോർമുസ് കടലിടുക്ക് തുറക്കാൻ ഇറാൻ സന്നദ്ധത അറിയിച്ചു. യുദ്ധ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ അമേരിക്ക പരാജയപ്പെട്ടുവെന്നും ദുർബലമായ സാഹചര്യത്തിൽ നിന്നാണ് ചർച്ചകൾ നടത്താൻ അവർ ശ്രമിക്കുന്നതെന്നും അരാഗ്ച്ചി പറഞ്ഞു. പശ്ചിമേഷ്യയിൽ സമാധാനം പുനഃസ്ഥാപിക്കാൻ പരമാവധി ശ്രമിക്കുമെന്ന് റഷ്യൻ പ്രഡിഡന്റ് വ്ളാഡിമിർ പുടിനും ഉറപ്പു നൽകി.

RNUTVPM

********************************

## ഹർദീപ് സിംഗ് പുരി

ലിബിയയിലെ ഗഡാംസ് മേഖലയിൽ പുതിയ എണ്ണ, വാതക നിക്ഷേപം കണ്ടെത്തിയതിന് ഓയിൽ ഇന്ത്യ ലിമിറ്റഡിനെയും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ

ലിമിറ്റഡിനെയും അഭിനന്ദിച്ച് പെട്രോളിയം, പ്രകൃതി വാതക മന്ത്രി ഹർദീപ് സിംഗ് പുരി. 8,440 അടി ആഴത്തിൽ കിണർ പൂർത്തിയാക്കിയതായും പ്രതിദിനം 13 ദശലക്ഷം ഘന അടി വാതകവും 327 ബാരൽ കണ്ടൻസേറ്റും ഉൽപ്പാദിപ്പിച്ചതായും സാമൂഹ്യ മാധ്യമത്തിലൂടെ മന്ത്രാലയം അറിയിച്ചു.

******************************

## ലഡാക് - പുതിയ ജില്ലകൾ

കേന്ദ്രഭരണ പ്രദേശമായ ലഡാക്കിൽ അഞ്ച് പുതിയ ജില്ലകൾ സൃഷ്ടിക്കുന്നതിന് ലഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേന അംഗീകാരം നൽകി. ഇതോടെ ലഡാക്കിൽ ആകെ ജില്ലകളുടെ എണ്ണം ഏഴായി. നേരത്തെ, ലഡാക്കിൽ ലേ, കാർഗിൽ എന്നീ രണ്ട് ജില്ലകൾ മാത്രമാണ് ഉണ്ടായിരുന്നത്. ഈ തീരുമാനം ലഡാക്ക് മേഖലയിലെ ജനങ്ങളുടെ ദീർഘകാലമായുള്ള ആവശ്യവും അഭിലാഷങ്ങളും നിറവേറ്റുന്നുവെന്ന് ലെഫ്റ്റനന്റ് ഗവർണർ അഭിപ്രായപ്പെട്ടു.

RNUTVPM

******************************

## ബാല പുരസ്കാരം

2026 ലെ പ്രധാനമന്ത്രി രാഷ്ട്രീയ ബാല പുരസ്കാരത്തിനുള്ള അപേക്ഷ ക്ഷണിച്ചു. 5 നും 18 നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് **awards.gov** എന്ന പോർട്ടൽ വഴി ജൂലൈ 31 വരെ അപേക്ഷിക്കാം.

******************************

## <u>അർമേനിയ - പ്രതിരോധ സെക്രട്ടറി</u>

കേന്ദ്ര പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗ് അർമേനിയയുടെ ചീഫ് ഓഫ് ജനറൽ സ്റ്റാഫ്, ലെഫ്റ്റനന്റ് ജനറൽ എഡ്വാർഡ് ആസ്ര്യനുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. പരിശീലനം, ശേഷി വികസനം, ആധുനികവൽക്കരണം എന്നിവയുൾപ്പെടെ സൈനിക സഹകരണം വികസിപ്പിക്കുന്നതിനായുള്ള ചർച്ചകളാണ് നടന്നതെന്ന് പ്രതിരോധ മന്ത്രാലയം സമൂഹ മാധ്യമകുറിപ്പിൽ സൂചിപ്പിച്ചു.

*******************************************************************************

******************************

RNU TVPM